**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **09-06-2021 - ൽ മറുപടിയ്ക്ക്**

**റഗുലേറ്ററുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിർമ്മിച്ച ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ തുക ഓരോന്നിനും എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഏനാമാക്കൽ റഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി അടങ്കൽ തുക 751 ലക്ഷം രൂപയും ഇടിയഞ്ചിറ റഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി അടങ്കൽ തുക 446 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഏനാമാക്കൽ റഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 321 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 430 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇടിയഞ്ചിറ റഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 230 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 216 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഇവയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | ഏനാമാക്കൽ റഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി (സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ) PQ ടെണ്ടർ രണ്ടു തവണ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. മൂന്നാമത് PQ ടെണ്ടർ 04/05/2021 ൽ ക്ഷണിച്ചിട്ടുണ്ട്. ഇടിയഞ്ചിറ റഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകാനുള്ള detailed Estimate തയ്യാറാക്കുന്നതിന് സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തി structure stabilityവിലയിരുത്തേണ്ടതുണ്ട്. എന്നാൽ ശക്തമായ വേലിയേറ്റവും ഷട്ടറിന്റെ ചോർച്ചയും മൂലം ആയത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല, ടി വിഷയത്തിൽ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മേൽ വിഷയത്തിൽ വിദഗ്ദ്ധ ഉപദേശം ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർമാരുടെ ടെക്ക്നിക്കൽ കമ്മിറ്റി കൂടുവാനും തീരുമാനമായിട്ടുണ്ട്. |
| (ഡി) | റഗുലേറ്ററുകളുടെ നിർമ്മാണം അടിയന്തിരമായി | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ